**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4399** **01-07-2024 - ൽ മറുപടിയ്ക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണത്തിന് സംയോജിത വികസന പിന്തുണ സൃഷ്ടിക്കുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ നയങ്ങൾ ഉൾക്കൊണ്ട് കെ.എഫ്.സി യുടെ പ്രവർത്തനങ്ങളിൽ തനതായ മാറ്റങ്ങൾ വരുത്തി ചെറുകിട-ഇടത്തരം സംരംഭക മേഖലയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുകയും അതിലൂടെ സംസ്ഥാനത്തിന് സംരംഭക സൗഹൃദ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് കോർപ്പറേഷന്റെ ലക്ഷ്യം. അടിസ്ഥാന സൗകര്യവികസനം, ടൂറിസം, ഐ.ടി മറ്റ് ചെറുകിട- ഇടത്തരം സംരംഭങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നല്കുന്നതിലൂടെ, സംസ്ഥാനത്ത് മെച്ചപ്പെട്ട കണക്റ്റിവിറ്റി, വ്യവസായ സൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട നിക്ഷേപ ആകർഷണം എന്നിവ കൈവരിക്കാൻ കെ.എഫ്.സിക്ക് സാധിച്ചിട്ടുണ്ട്. ഈ പദ്ധതികൾ സംരംഭകരുടെ ജീവിതനിലവാരം ഉയർത്തുക മാത്രമല്ല, വ്യവസായങ്ങളുടെ അഭിവൃദ്ധി പ്രാപിക്കാൻ അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയും, മെച്ചപ്പെട്ട ഉത്പാദനം, നവീകരണം, തൊഴിൽ അവസരങ്ങൾ എന്നിവ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇത് മുന്നിൽ കണ്ട് കൊണ്ട് കെ. എഫ്. സി. യെ സർക്കാരിന്റെ ഏജന്റായി നിയമിച്ചു കൊണ്ട് സർക്കാർ ഉത്തരവിറക്കുകയും കെ. എഫ്. സി. ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് നൽകുന്ന വായ്പ പരിധി നിലവിലെ 20 കോടിയിൽ നിന്നും 50 കോടി രൂപയായി ഉയർത്തുകയും ചെയ്തു. കൂടാതെ ഗ്യാരണ്ടി, ബിൽ ഡിസ്കൗണ്ടിങ് എന്നീ സൗകര്യങ്ങളുടെ പരിധിയും 50 കോടിയായി ഉയർത്തി. സംസ്ഥാനത്തെ MSME(Micro Small And Medium Enterprises)-കളെ സഹായിക്കാൻ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് പ്രസംഗത്തിൽ ബഹു.ധനമന്ത്രി കേരള എംഎസ്എംഇ ബിൽ ഡിസ്കൗണ്ടിംഗ് പ്ലാറ്റ്ഫോം (കെഎംബിഡിപി) പ്രഖ്യാപിക്കുകയും കെ. എഫ്. സി. 'കേരള MSME ബിൽ ഡിസ്കൗണ്ടിംഗ് പ്ലാറ്റ്ഫോം (KMBDP) എന്ന പേരിൽ ഇത് നടപ്പിലാക്കുകയും ചെയ്തു. ഇതിനു പുറമെ സംസ്ഥാനത്തിന്റെ വ്യവസായവത്കരണത്തിന് സംയോജിത വികസന പിന്തുണ സൃഷ്ടിക്കുന്നതിനായി താഴെ പറയുന്ന പ്രവത്തനങ്ങൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടത്തിയിട്ടുണ്ട്.<br><br>(1) കെ.എഫ്.സി മുഖേന ഉൽപാദന സേവന മേഖലകളിൽ ജനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് കൂടുതൽ ലോണുകൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി (CMEDP) എന്ന പേരിൽ ഒരു പദ്ധതി നിലവിൽ ഉണ്ട്. CMEDP-I സ്കീം പ്രകാരം 1847 യൂണിറ്റുകൾക്കായി 53.80 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. ടി സ്കീമിന്റെ വായ്പ പരിധി ഒരു കോടി രൂപയിൽ നിന്നും രണ്ട് കോടി രൂപയായി |

വർദ്ധിപ്പിച്ച് CMEDP-II സ്കീമായി നവീകരിച്ചു. ടി സ്കീം പ്രകാരം 2756യൂണിറ്റുകൾക്കായി 791.62 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതുവരെ ഈ പദ്ധതിയിലൂടെ പ്രത്യക്ഷമായും പരോക്ഷമായും 37575 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(2)കാർഷികാധിഷ്ഠിതവ്യവസായങ്ങളെയും അഗ്രിസ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി ആരംഭിച്ച സ്കീമാണ് കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ ലോൺ സ്കീം (KAMS) ഈ സ്കീം പ്രകാരം 39 യൂണിറ്റുകൾക്ക് 86.12 കോടി രൂപ അനുവദിച്ചിട്ടിണ്ട്.

(3) സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു. ആശയത്തിൽ നിന്നും ഉൽപാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവത്കരണത്തിന് 50 ലക്ഷം രൂപയും, സ്കെയിലിങ്ങ് അപ്പിന് രണ്ട് കോടി രൂപയും നല്കുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരളാ പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേയ്സ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി പ്രവർത്തന മൂലധന വായ്പ (10 കോടി രൂപ വരെ), വെഞ്ചർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) എന്നിവയും നൽകുന്നുണ്ട്. ടി സ്കീം പ്രകാരം 66 യൂണിറ്റുകൾക്കായി 70.28 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 460 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(4) വ്യവസായ പാർക്കിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ള യൂണിറ്റുകളുടെ നവീകരണം, വിപുലീകരണം, വൈവിധ്യവത്കരണം തുടങ്ങി എല്ലാ ഘട്ടങ്ങളിലും യൂണിറ്റുകളെ സഹായിക്കുന്നതിനായി കെ. എഫ്. സി. പ്രത്യേക പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത സ്ഥാപനത്തിന് അഭൂതപൂർവ്വമായ വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഉണ്ട്. എസ് എഫ് സി ആക്ട് 1951 പ്രകാരം 1953-ൽ -ൽ രൂപീകൃതമായ ധനകാര്യ സ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപറേഷൻ. 2022, 2023, 2024 വർഷങ്ങളിൽ സൂക്ഷ്മ, ചെറുകിട,ഇടത്തരം വ്യവസായങ്ങൾക്ക് അനുവദിച്ചതും വിതരണം ചെയ്തതുമായ വായ്പകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | FY 2021-22 (a) | FY 2022-23 (b) | FY 2023-24 (c) | വളർച്ച (%) (b to c) |
|---|---|---|---|---|
| Portfolio | 4750.71 | 6529.40 | 7368.34 | 12.85% |
| Sanction | 2876.78 | 3207.22 | 3336.66 | 04.04% |
| Disbursement | 2175.20 | 3555.94 | 4068.85 | 14.42% |
| Net Profit | 13.19 | 50.18 | 74.04 | 47.55% |
| Net NPA % | 1.28 | 0.74 | 0.68 | |

| | | | |
|---|---|---|---|
| | | | മുകളിൽ നൽകിയിട്ടുള്ള പട്ടിക പ്രകാരം കോർപ്പറേഷന്റെ പെർഫോർമൻസ് മെച്ചപ്പെട്ടതായി മനസ്സിലാക്കാവുന്നതാണ്. |
| (സി) | സംരംഭകർക്കാവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ കൺസൾട്ടൻസി സേവനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ? | (സി) | ഉണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സംരംഭകർക്കാവശ്യമായ കൺസൾട്ടൻസി സേവനങ്ങൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ